1. പള്ളം-ചെങ്ങന്നൂർ 110 കെ.വി.നം.1- ഫീഡർ
2. പള്ളം-ചെങ്ങന്നൂർ 110 കെ.വി.നം.11-ഫീഡർ
3. ചെങ്ങന്നൂർ-ഇടപ്പോൾ 110 കെ.വി. നം.1- ഫീഡർ
4. ചെങ്ങന്നൂർ-ഇടപ്പോൾ 110 കെ.വി.നം.11-ഫീഡർ

ചെങ്ങന്നൂർ സബ് സ്റ്റേഷനിൽ 110 കെ.വി. യുടെ നാല് സബ്സ്റ്റേഷനുകൾ സ്ഥാപിച്ച് ഐസൊലേറ്റർ വഴി കൺട്രോൾ സ്ഥാപിച്ചു. മേൽപ്പറഞ്ഞ നാല് 110 കെ.വി.ഫീഡറുകളിൽ നിന്നും വൈദ്യുതി ചെങ്ങന്നൂർ-സബ്സ്റ്റേഷനിലേക്ക് സ്വീകരിക്കാനുള്ള സംവിധാനം ഉണ്ടാക്കി.

(ഡി) പ്രസ്തുത ജോലിക്കായി 96.53 ലക്ഷം രൂപ ഇതുവരെ ചെലവായിട്ടുണ്ട്.

പുൽപ്പള്ളി കെ.എസ്.ഇ.ബി. സെക്ഷൻ ആഫീസ്

99 (266) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സുൽത്താൻബത്തേരി നിയോജകമണ്ഡലത്തിലെ പുൽപ്പള്ളിയിൽ കെ.എസ്.ഇ.ബി.യുടെ സെക്ഷൻ ആഫീസ് സ്ഥാപിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പുൽപ്പള്ളി സെക്ഷൻ ആഫീസ് ആരംഭിക്കുന്നതിന് നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ നയം നടപ്പാക്കി കഴിഞ്ഞു മാത്രമേ, പുതിയ ആഫീസുകളുടെ രൂപീകരണം സംബന്ധിച്ച ആവശ്യങ്ങൾ വൈദ്യുതി ബോർഡ് പരിഗണിക്കുകയുള്ളു.

കണക്റ്റഡ് ലോഡ് കുറച്ച് കാണിക്കുന്നതായി പരാതി

100 (267) ശ്രീ. ബി. വിജയകുമാർ:
ശ്രീ. പി. ജെ. ഫ്രാൻസിസ്:
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശാഭിമാനി പത്രത്തിന്റെ ഏതെങ്കിലും യൂണിറ്റിൽ കണക്റ്റഡ് ലോഡ് കുറച്ചു കാണിക്കുന്നതായി ഇലക്ട്രിസിറ്റി ബോർഡിന്റെ ആഡിറ്റ് വിഭാഗം കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏത് യൂണിറ്റിലാണ് കുറവ് കണ്ടത് ;

LIBRARY ARCHIVES Kerala Legislative Assembly